**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 112** **11-09-2023 - ൽ മറുപടിയ്ക്ക്**

**എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ പദ്ധതിയുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കിവരുന്ന എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ പദ്ധതി പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയ മിഷൻ. മലയോര മേഖല, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് മുൻഗണന നൽകിക്കൊണ്ട് സംസ്ഥാനത്തെ എല്ലാ ഭൂരഹിതരെയും ഭൂമിയുടെ ഉടമകളാക്കുക എന്ന ലക്ഷ്യ സാക്ഷാത്കാരത്തിനായാണ് പട്ടയ മിഷൻ രൂപീകരിച്ചിട്ടുള്ളത്. പട്ടയ വിതരണം ഊർജ്ജിതമാക്കുന്നതിനും സമയബന്ധിതമായി നടത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനം ഏകോപിപ്പിക്കാനും നിരീക്ഷിക്കാനും, ആവശ്യമായ നിർദ്ദേശങ്ങൾ തത്സമയം നല്കാനുമാണ് പട്ടയ മിഷൻ ലക്ഷ്യം വയ്ക്കുന്നത്. മൂന്നാം നൂറുദിന പരിപാടിയിൽ 67069 പട്ടയങ്ങൾ വിതരണം ചെയ്തത് വഴി ഈ സർക്കാരിന്റെ രണ്ട വർഷക്കാലയളവിനുള്ളിൽ 121604 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് കഴിഞ്ഞു. കൂടാതെ പട്ടയമിഷൻ രൂപീകരിച്ച് നടപ്പിലാക്കിയതോടെ മലയോര മേഖലകളിൽ പട്ടയ പ്രശ്നങ്ങൾ ക്രോഡീകരിച്ച അവ പരിശോധിച്ച് വരുന്നതും പട്ടയം ലഭിക്കാത്ത കോളനികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് താലൂക്ക്, വില്ലേജ് തലത്തിൽ നടപടികൾ നടന്നു വരുന്നതുമാണ്. നിയോജകമണ്ഡല അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്ത് അംഗങ്ങളെ പങ്കെടുപ്പിച്ച് പട്ടയം അസംബ്ളി എന്ന പേരിൽ പട്ടയ വിഷയങ്ങൾ അവലോകനം ചെയ്യുന്ന യോഗം ആറ് മാസത്തിലൊരിക്കൽ ചേരുന്നുണ്ട്. ആ യോഗത്തിൽ ഉയർന്ന് വരുന്ന പട്ടയ വിഷയങ്ങളിൽ താലൂക്ക് |

| | | | |
|---|---|---|---|
| | | | തലത്തിൽ പരിഹരിക്കാവുന്നവ താലൂക്ക് തലത്തിലും, ജില്ലാ തലത്തിൽ പരിഹരിക്കാവുന്നവ ജില്ലാ തലത്തിലും പരിഹരിക്കും. ശേഷിക്കുന്നവ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തുന്നതുമാണ്. സംസ്ഥാന തല ദൗത്യ സംഘത്തിന്റെ നേതൃത്വത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ എല്ലാ മാസവും അവലോകനം നടത്താറുള്ളതും അതിന്റെ വിവരങ്ങൾ ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ എല്ലാ ആഴ്ചയിലും കൂടുന്ന റവന്യൂ സെക്രട്ടറിയേറ്റിൽ ചർച്ച ചെയ്യുന്നതുമാണ്. |
| (ബി) | ഇതിന്റെ ഭാഗമായി സാമൂഹ്യ വനാവകാശരേഖ വിതരണം ചെയ്യുന്നതിനായി റവന്യൂ വകുപ്പ് നടത്തിയ ഇടപെടലുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | ആദിവാസി ജന വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനം വകുപ്പ്, പട്ടികവർഗ്ഗ വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി DLC മീറ്റിംഗുകൾ കൂടി വരുന്നു. വനാവകാശ പ്രകാരമുള്ള കൈവശ രേഖക്ക് വനാവകാശ കമ്മിറ്റികളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ അടിയന്തിര പ്രാധാന്യത്തോടെ സബ്ഡിവിഷണൽ കമ്മിറ്റിയും ജില്ലാതല കമ്മിറ്റിയും പരിശോധിച്ച് അർഹതപ്പെട്ടവർക്ക് കൈവശ രേഖ വിതരണം ചെയ്തു വരുന്നുണ്ട്. മൂന്നാം നൂറുദിന പരിപാടിയിൽ 1607 വനാവകാശ രേഖകളാണ് സംസ്ഥാനത്ത് പട്ടയങ്ങളാണ് വിതരണം നടത്താൻ സാധിച്ചിട്ടുള്ളത്. പട്ടയ മിഷനിൽ ആദിവാസി മലയോര വിഭാഗങ്ങളുടെ പട്ടയ വിഷയത്തിന് പ്രാമുഖ്യം നൽകിയിട്ടുണ്ട്. |
| (സി) | പട്ടയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സർക്കാർ ഭൂമിയിൽ വർഷങ്ങളായി വീടുവച്ച് താമസിച്ചും കൃഷി ചെയ്തും വരുന്ന ഭൂരഹിതരായവർക്കു നിയമപ്രകാരം പട്ടയം നൽകുന്നതിനു തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടൽ (പട്ടയം ഡാഷ് ബോർഡ്) പ്രവർത്തിച്ചു വരുന്നു. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാന തലത്തിൽ പരിശോധിച്ച ശേഷം പരിഹരിക്കാവുന്നവയ്ക്ക് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കു ലാന്റ് റവന്യൂ കമ്മീഷണർ നൽകുന്നു. സർക്കാർ ഉത്തരവുകളുടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവയ്ക്കും പരിഹാരം കാണുന്നതിനുള്ള നടപടിയും ഇതിന്റെ ഭാഗമായി സ്വീകരിക്കുന്നു.<br><br>പട്ടയം ഡാഷ് ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ള (05.08.2023 വരെ) പട്ടയ പ്രശ്നങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

പട്ടയം ഡാഷ് ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ള (05.08.2023 വരെ) പട്ടയ പ്രശ്നങ്ങൾ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | പട്ടയ പ്രശ്നങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 813 |
| 2 | കൊല്ലം | 30 |
| 3 | പത്തനംതിട്ട | 62 |
| 4 | ആലപ്പുഴ | 227 |
| 5 | കോട്ടയം | 373 |
| 6 | ഇടുക്കി | 67 |
| 7 | എറണാകുളം | 161 |
| 8 | തൃശ്ശൂർ | 76 |
| 9 | പാലക്കാട് | 493 |
| 10 | മലപ്പുറം | 26 |
| 11 | കോഴിക്കോട് | 23 |
| 12 | വയനാട് | 8 |
| 13 | കണ്ണൂർ | 3 |
| 14 | കാസർകോട് | 22 |
| | **ആകെ** | **2384** |